ശ്രീ. ഈ. പി. പൗലോസ് : ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അതിനെത്തുടർന്ന് തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാറുണ്ടോയെന്ന് അന്വേഷിക്കുന്നതിന് ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. അങ്ങനെ ആ ഡിപ്പാർട്ടുമെന്റിൽനിന്നും കൃഷിനാശം ഉണ്ടാകുന്നതിനെപ്പറ്റിയെല്ലാം അന്വേഷിക്കുകയുണ്ടായി. അവർ അന്വേഷിച്ചതിന്റെ ഫലമായി ചില ന്യൂനതകളും കണ്ടുപിടിക്കുകയും, അതു് തടയുന്നതിനാവശ്യമായ നടപടികളും എടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനൽ നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. ഈ സ്കീമിൽ തന്നെ ഏതെങ്കിലും ഭാഗത്തിനു് ഭേദഗതികളും ആവശ്യമാണെങ്കിൽ അതും ആലോചിക്കാവുന്നതാണ്.

ആയുർവ്വേദ കോളേജുകൾ

* 592. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആയുർവ്വേദ കോളേജുകൾക്കു് ഓരോന്നിനും കഴിഞ്ഞ രണ്ടുവർഷമായി ചെലവുവന്ന തുകയെത്ര ;

(ബി) തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജ് കെട്ടിടംപണി എപ്പോൾ ആരംഭിക്കും ;

(സി) ടി കോളേജിനോടനുബന്ധിച്ചുള്ള ആസ്പത്രി ഇപ്പോഴുള്ള തൃപ്പൂണിത്തുറ ആസ്പത്രി തന്നെയാണോ ; അങ്ങിനെയാണെങ്കിൽ അതു വികസിപ്പിക്കാൻ എന്തു നടപടികളെടുക്കാൻ പോകുന്നു ;

(ഡി) ഈ കോളേജിന്റെയും, ആസ്പത്രിയുടേയും അഭിവൃദ്ധിക്കുള്ള പദ്ധതിക്കു എന്തു ചെലവുവരുമെന്നും അതെത്രകാലംകൊണ്ടു് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ആയുർവ്വേദകോളേജ്, തിരുവനന്തപുരം—3,47,557 രൂപ ; ആയുർവ്വേദകോളേജ്, തൃപ്പൂണിത്തുറ—1,30,743 രൂപ.

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ (1964—65) കെട്ടിടംപണി ആരംഭിക്കണമെന്നാണ് വിചാരിക്കുന്നതു്.

(സി) അല്ല. പുതിയ ആയുർവ്വേദകോളേജ് കെട്ടിടം പണിയുന്നതിനു വേണ്ടി അക്വയർ ചെയ്തിട്ടുള്ള സ്ഥലത്തു് കോളേജിനോടു് അനുബന്ധിച്ചു ഒരു ആശുപത്രി പണിയുന്നതിനാണ് ഗവണ്മെന്റുദ്ദേശിക്കുന്നതു്. ആയതിനാൽ ഇപ്പോഴുള്ള ആശുപത്രി വികസിപ്പിക്കേണ്ട ആവശ്യമില്ല.

(ഡി) കോളേജിന്റെയും ആശുപത്രിയുടേയും കെട്ടിടങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റു് മുതലായവ തയാറായിക്കഴിഞ്ഞിട്ടില്ല. ഇവ പൂർത്തിയാക്കിക്കഴിഞ്ഞാൽ ഈ പദ്ധതിക്കു് എന്തു ചെലവു വരുമെന്നു തിട്ടപ്പെടുത്തുവാൻ സാധിക്കും. നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു കെട്ടിടം പണി പൂർത്തിയാക്കാമെന്നു വിചാരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആയുർവ്വേദകോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടംപണി രണ്ടു കൊല്ലത്തിനുമുമ്പു് ആരംഭിച്ചുവെങ്കിലും ഇപ്പോഴും അതിന്റെ പണിക്കു് തടസമായിട്ടു നിൽക്കുന്നതെന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രധാനമായിട്ട് തടസ്സം ഉണ്ടായിരുന്നത് ആവശ്യമായ ലാൻഡ് അക്വയർ ചെയ്യുന്നതിനാണ്. ലാൻഡ് അക്വസിഷൻ പൂർത്തിയായാൽ ഉടൻതന്നെ കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതാണ്.

ശ്രീ. ഈ. പി. ഗോപാലൻ : രണ്ടു കൊല്ലത്തിനുമുമ്പു കോഴിക്കോട്ട് ഒരു ആയുർവേദകോളേജ് സ്ഥാപിക്കണമെന്നു കാണിച്ചുകൊണ്ട് കോഴിക്കോട് ആയുർവേദമഹാമണ്ഡലത്തിൽനിന്നും ഗവണ്മെന്റിലേയ്ക്ക് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അക്കാര്യം പരിഗണനയിലെടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകമായി ചോദിക്കണം.

റോഡുകളുടേയും പാലങ്ങളുടേയും പണി.

* 593. [8] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടിയന്തിര പരിതഃസ്ഥിതി കാരണം നിറുത്തിവച്ചിട്ടുള്ള റോഡുകളുടേയും പാലങ്ങളുടേയും പണി 1964–65–ൽ തുടങ്ങുന്നതിനു് ഏർപ്പാടു് ചെയ്യുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

അടിയന്തിരപരിതഃസ്ഥിതി കാരണം നിറുത്തിവച്ചിട്ടുള്ള എല്ലാ റോഡുകളുടേയും, പാലങ്ങളുടേയും പണി 1964–65–ൽ തുടങ്ങുന്നതിനു് ഏർപ്പാടു് ചെയ്യാൻ നിവ്വാഹമില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: മണിമല, അച്ചൻകോവിൽ, പമ്പാ എന്നീ പ്രദേശങ്ങളിൽനിന്നും വീയപുരത്തേക്കു് തടികളും മറ്റും കൊണ്ടുപോകുന്നതു് ഇപ്പോഴും ആറിൽക്കൂടിയാണു്. അതു വലിയ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണു്. പന്നായ് പാലത്തിന്റെ പണി പൂർത്തിയായാൽ ലോറികളിൽ തടികളും റോഡിൽക്കൂടി വീയപുരത്തേയ്ക്കു് കൊണ്ടുപോകുന്നതിനു് സാധിക്കും. അതുകൊണ്ടു് പന്നായ് പാലത്തിന്റെ പണി ഏറ്റവും വേഗം തുടങ്ങുന്നതിനു് ആവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്റെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ള അഭിപ്രായത്തോടു യാതൊരുവിധത്തിലുള്ള വിയോജിപ്പും ഇല്ല. പാലത്തിന്റെ പണി പൂർത്തിയാക്കി റോഡിൽക്കൂടിയുള്ള ഗതാഗതം സാധിക്കത്തക്ക വിധത്തിലുള്ള ഏർപ്പാടുകളും ചെയ്യാൻ സാധിക്കുമോയെന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ കഴിഞ്ഞ കാലങ്ങളിൽ ഇവിടെ തുടർച്ചയായി അവതരിപ്പിച്ചിട്ടുള്ള മുന്നു ബഡ്ജറ്റുകളിലും പുതിയ തരത്തിലുള്ള യാതൊരു പൊതുമരാമത്തു വർക്കുകളും ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള സ്ഥിതി പരിഗണിച്ചു് നിറുത്തിവച്ചിട്ടുള്ള പണികളെങ്കിലും ഈ വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ? അങ്ങനെ റോഡുകളുടേയും പാലങ്ങളുടേയും പണി തുടങ്ങാൻ നിശ്ചയിക്കുമ്പോൾ അതാതു സ്ഥലങ്ങളെ പ്രതിനിധീകരിച്ചുവരുന്ന എം. എൽ. എ.മാരുടെ അഭിപ്രായങ്ങൾ കൂടി ആരായുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ വർഷം പുതിയവർക്കുകളോ നിറുത്തിവെച്ച വർക്കുകളോ ഒന്നുംതന്നെ പണിയാരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : പല റോഡുകളുടേയും, പാലത്തിനേറയും പണികൾ പൂർത്തിയായാലും അവ ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കുന്നില്ല. ഉദാഹരണത്തിനു് ഒറ്റപ്പാലത്തുള്ള കരിമ്പാ പാലത്തിന്റെ പണി പൂർത്തിയായിട്ടും അതു് ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുത്തിട്ടില്ല. ഇങ്ങനെ പണി പൂർത്തിയായ പാലങ്ങളും റോഡുകളും പൊതുജനാവശ്യത്തിനുവേണ്ടി തുറന്നുകൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly